**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2710** **13-02-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒഴിഞ്ഞുകിടക്കുന്ന എത്ര ഏക്കർ സ്ഥലമുണ്ട്; അത്തരം സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, സിഡ്കോ എന്നിവയുടെ ഉടമസ്ഥതയിൽ യഥാക്രമം 36.13 ഏക്കറും 76 സെന്റ് ഭൂമിയും ഒഴിഞ്ഞുകിടക്കുന്നു.<br><br>കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന വിവിധ വ്യവസായ പാർക്കുകളിലാണ് ഭൂമി ഒഴിവുള്ളത് :<br><br>കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട് - 4 ഏക്കർ.<br><br>കിൻഫ്ര മെഗാ ഫുഡ് പാർക്ക്, കോഴിപ്പാറ - 1.93 ഏക്കർ.<br><br>കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, ഒറ്റപ്പാലം - 1.20 ഏക്കർ<br><br>കിൻഫ്ര ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം - 29 ഏക്കർ.<br><br>മേൽപ്പറഞ്ഞ ഭൂമി വിവിധ വ്യവസായ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ ടി സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ